11

# പുതിയ നിയമം ഒരു പുതിയ പ്രമാണം

*"അതുകൊണ്ടു, സഹോദരന്മാരെ, നാം ദൈവത്തിനു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം, ന്യായ പ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു. നാം ജഡത്തിലായി രുന്നപ്പോൾ, ന്യായപ്രമാണത്താൽ ഉളവായ പാപരാഗങ്ങൾ മരണത്തിനു ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചു പോന്നു. ഇപ്പോഴോ, നമ്മെ പിടിച്ചടക്കിയിരുന്ന ന്യായ പ്രമാണം സംബന്ധിച്ചു മരിച്ചിരിക്കകൊണ്ടു അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിൽ തന്നേ സേവിക്കേണ്ടതിന്നു, നാം ന്യായപ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായിരിക്കുന്നു" (റോമർ 7:4-6).*

ന്യായപ്രമാണത്തിൻ കീഴിൽ ജനിക്കുന്നവർ; ജനനത്താൽ അവർ പഴയ നിയമത്തിൻ കീഴുള്ള മക്കളായി തീരുന്നു. നിയമം അവരും ദൈവവുമായിട്ടായിരുന്നു. അവർ ആ നിയമം അനുസരിച്ചാൽ, അവർ സമൃദ്ധി പ്രാപിക്കയും, ദേശത്തു ദീർഘായുസോടെ ഇരിക്കയും ചെയ്യും. അവർ നിയമം അനുസരിക്കാതിരുന്നാൽ, ആ നിയമത്തിൽ പറഞ്ഞ അനന്തരഫലം അനുഭവിക്കയും ദേശത്തു നിന്നു അവരെ പുറത്താക്കയും ചെയ്യും.

പുതിയ നിയമം, അതിൽ ആവശ്യമായി കാണിച്ചിരിക്കുന്നത്, തികച്ചും വ്യത്യസ്തമായ വ്യവസ്ഥകളാണ്. പുതിയ നിയമത്തിൻ കീഴിൽ മക്കൾ ആകുവാൻ, നാം വീണ്ടും ജനിക്കണം (യോഹന്നാൻ 3:3-5). പുതിയ നിയമത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യ ജീവന്റെ പ്രത്യാശയും, സ്വർഗ്ഗീയാനുഗ്രഹങ്ങളും ലഭിക്കുന്നതിനു മുൻപു നാം വീണ്ടും ജനിക്കണം (1 പത്രൊസ് 1:3, 4). നമുക്കു ഒരു സ്നേഹിതനോടു കൂടെ ദൈവ ഭയത്തിൽ സ്നേഹത്തോടെ സ്വയമായി പുതിയ നിയമത്തിൽ സേവിപ്പാൻ വഴി ഒരുക്കിയിരിക്കുന്നു. പുതിയ നിയമത്തിൽ നാം ഹൃദയ പൂർവ്വമാണ് സേവിക്കുന്നത്. *നാം* നമ്മുടെ രക്ഷിതാവും, കർത്താവുമായ യേശുവിനു വേണ്ടി ജീവിക്കുവാൻ ആഗ്രഹിക്കണം.

ദൈവം ആകാശവും ഭൂമിയും നിർമ്മിക്കുന്നതിനു മുൻപു തന്നെ ന്യായപ്രമാണം മുഖാന്തരമല്ല, യേശുക്രിസ്തു മുഖാന്തരം മനുഷ്യരെ രക്ഷിപ്പാനാണ് മുൻ നിർണ്ണയിച്ചത് (പ്രവൃത്തികൾ 2:23; 1 പത്രൊസ് 1:18–20). അബ്രഹാമിന്റെ സന്തതിമൂലം ഉള്ള *അനുഗ്രഹം* വാഗ്ദാനം ചെയ്തതു ന്യായപ്രമാണത്തിലല്ല (ഉല്പത്തി 22:18; ഗലാത്യർ 3:16). മറിച്ചു അതിൻ കീഴിൽ പിന്നീട് ആശ്രയിക്കുന്നവർ *ശാപത്തിൻ* കീഴാകുന്നു. ന്യായപ്രമാണം പറയുന്നത്, ഒന്നിൽ തെറ്റിയാൽ സകലത്തിലും തെറ്റി (യാക്കൊബ് 2:10), എല്ലാം തെറ്റിയാൽ ശാപത്തിൻ കീഴാകുന്നു (ഗലാത്യർ 3:10) – (യേശു ഒഴിച്ച്) ആരും ന്യായപ്രമാണം മുഴുവനും പാലിച്ചില്ല.

ഇതിനർത്ഥം ദൈവം അബ്രഹാമിന്റെ സന്തതിയായ യേശു മുഖാന്തരം, സകല ജാതികളെയും അനുഗ്രഹിക്കും എന്ന വാഗ്ദാനം ഉള്ള പഴയ നിയമം അസാധുവായി എന്നല്ല. പൗലൊസ് വിശദമാക്കി, "... നാനൂറ്റി മുപ്പതു ആണ്ടു, കഴിഞ്ഞിട്ടു ഉണ്ടായ ന്യായപ്രമാണം വാഗ്ദത്തത്തെ നീക്കുവാൻ തക്കവണ്ണം, അതു ദൈവം മുമ്പു ഉറപ്പാക്കിയ നിയമത്തെ ദുർബ്ബലമാക്കുന്നില്ല'' (ഗലാത്യർ 3:17). അനുഗ്രഹം കൊണ്ടുവരുവാൻ ന്യായപ്രമാണത്തിനു കഴിഞ്ഞില്ല, കാരണം അതിലുള്ളവരെ അതു ശാപഗ്രസ്ഥമാക്കി. ആ ശാപത്തെ നീക്കുവാൻ ന്യായപ്രമാണത്തിനു കഴിഞ്ഞില്ല, എന്നാൽ അതു നീക്കുവാൻ ക്രിസ്തുവിനു കഴിഞ്ഞു. ക്രിസ്തു വന്നപ്പോൾ, "ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു, 'ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലെക്കു വാങ്ങി' " (ഗലാത്യർ 3:17). ഗലാത്യർ 2:21 ൽ നാം വായിക്കുന്നു, "ഞാൻ ദൈവത്തിന്റെ കൃപ വൃഥാവാക്കുന്നില്ല, ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ, ക്രിസ്തു മരിച്ചതു വെറുതെയല്ലൊ."

**ക്രിസ്തുവിന്റെ നിയമം**

പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസം പ്രമാണമുള്ളതും പ്രമാണമില്ലാത്തതും തമ്മിലുള്ള വ്യത്യാസമല്ല, മറിച്ചു രണ്ടു നിയമങ്ങളുടേയും സ്വഭാവത്തിലാണ് വ്യത്യാസം ഉള്ളത്. ഹൃദയത്തിനു മാറ്റം വരാതെ നിയമാവലികൾ പാലിക്കേണ്ട വ്യവസ്ഥയായിരുന്നു ആദ്യത്തേതിൽ ഉണ്ടായിരുന്നത്. ദൈവത്തിന്റെ പ്രമാണം അവരുടെ ഹൃദയങ്ങളിൽ എഴുതിയിരുന്നില്ല. ആളുകളുടെ ഭൗതിക ജീവിതത്തിനായി എഴുതിക്കൊടുത്ത ആദ്യ നിയമം അക്ഷരികമായിട്ടാണ് എഴുതിയത്. ക്രിസ്ത്യാനികളായ നമുക്കു ഒരു പുതിയ ജീവിതമുണ്ട്, കാരണം ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വാഴുകയും മാതൃകയായിത്തീരുകയും ചെയ്യുന്നു.

യേശുവിന്നു ഒരു നിയമം ഉണ്ട്, "ക്രിസ്തുവിന്റെ ന്യായപ്രമാണം" നിവർത്തിപ്പിൻ എന്നു പൗലൊസ് പറയുന്നു (ഗലാത്യർ 6:2). ''ദൈവത്തിന്നു ന്യായപ്രമാണമില്ലാത്തവനായും ക്രിസ്തുവിനു ന്യായപ്രമാണം ഉള്ളവനായും'' എന്നു പൗലൊസ് പറയുന്നു (1 കൊരിന്ത്യർ 9:21).

ദൈവത്തിനു പ്രസാദകരമായ സൽപ്രവൃത്തികളുടെ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള സ്വയം – നീതീകരണ നിയമം ക്രിസ്തുവിന്റെ പ്രവൃത്തികളിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാന ത്തിലുള്ള – അവന്റെ വചനത്തിൽ വെളിപ്പെടുത്തിയ അവന്റെ ഇഷ്ടം, അനുസരിക്കുന്നതിനു പ്രചോദിപ്പിക്കുന്ന ഒന്നാണ്. നമ്മുടെ നന്മകൊണ്ടല്ല, നാം രക്ഷിക്കപ്പെടുന്നതു ക്രിസ്തുവിനാലത്രെ. ക്രിസ്തുവിന്റെ നിയമം, പ്രവൃത്തികളുടെ നിയമം അല്ല, വിശ്വാസ നിയമമാണ്. "ആകയാൽ പ്രശംസ എവിടെ? അതു പൊയ്പ്പോയി. ഏതു മാർഗ്ഗത്താൽ? കർമ്മ മാർഗ്ഗത്താലോ? അല്ല, വിശ്വാസ മാർഗ്ഗത്താലത്രെ. അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു" (റോമർ 3:27, 28).

"ന്യായ പ്രമാണവും" "പുതിയ നിയമവും" തമ്മിൽ പ്രധാനമായ വ്യത്യാസം ഉണ്ട്. മിക്കവാറും എല്ലാ തർജ്ജിമകളും (കെജെവി, എൻജെകെവി എൻഐവി, എൻ.എ.എസ്.ബി, ആർഎസ്വി, ആന്റ് എൻ ആർ എസ് വി) "ദ" എന്ന ആർട്ടിക്കിൾ റോമർ 3:31 ൽ ചേർത്തിട്ടുണ്ട്, എന്നാൽ ഗ്രീക്കിൽ ആർട്ടിക്കിൾ ഇല്ല. ആ വാക്യം എൻ എ എസ് ബി തർജ്ജിമ ചെയ്തിരിക്കുന്നത്, "ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ അസാധുവാക്കുന്നുവോ? ഒരു നാളും അല്ല! മറിച്ചു, നാം ന്യായപ്രമാണത്തെ സ്ഥാപിക്കയത്രേ ചെയ്യുന്നത്."

ഹു.ജെ.സ്ക്കോൺ ഫീൽഡ് ആ വാക്യം ശരിയായി തർജ്ജിമ ചെയ്തിട്ടുണ്ട്: "നാം ന്യായ പ്രമാണത്തെ അസാധുവാക്കുവാൻ വിശ്വാസത്തെ ഉപയോഗിക്കുന്നുവോ? ദൈവം ക്ഷമിക്കട്ടെ! മറിച്ച് നാം ന്യായ പ്രമാണത്തെ ഉറപ്പിക്കയത്രേ ചെയ്യുന്നത്."[1] വിശദീകരണമായി ഈ കുറിപ്പും ചേർത്തിട്ടുണ്ട്: "നിയമ സാധുത തെളിയിക്കുന്ന ഒരു വിശ്വാസ പ്രമാണം."[2]

കെന്നത്ത് എസ്. വൂവെസ്റ്റ് ഈ തർജ്ജിമ നല്കിയിരിക്കുന്നു: "നാം മുൻപു പറഞ്ഞ വിശ്വാസത്താൽ ന്യായപ്രമാണത്തെ നിഷ്പ്രയോജനം ആക്കുന്നുവോ? അത്തരം കാര്യം പരിഗണിക്കരുത്. തീർച്ചയായും, നാം ന്യായപ്രമാണത്തെ സ്ഥാപിക്കയത്രെ ചെയ്യുന്നത്."[3]

പൗലൊസ് എഴുതി, "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തു യേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു" (റോമർ 8:2). ക്രിസ്തുവിന്റെ പ്രമാണത്തിൽ വിശ്വാസത്തിന്റേയും ആത്മാവിന്റേയും പ്രമാണം. അതിനെ "ദൈവത്തിന്റെ ന്യായപ്രമാണം" എന്നു വിളിച്ചിട്ടുണ്ട് (റോമർ 7:22, 25; 1 കൊരിന്ത്യർ 9:21) "സ്വാതന്ത്ര്യത്തിന്റെ പ്രമാണമെന്നും" വിളിച്ചിരിക്കുന്നു (യാക്കൊബ് 1:25; 4:12). ക്രിസ്തു നമ്മെ ന്യായപ്രമാണത്തിൽ നിന്നല്ല, മറിച്ചു ന്യായപ്രമാണ സ്വഭാവത്തെ മാറ്റി സ്വാതന്ത്ര്യം വരുത്തുകയായിരുന്നു (എബ്രായർ 7:12).

നാം ഏതെങ്കിലും പാപത്തിൻ കീഴല്ലെങ്കിൽ, നമുക്കു പാപം ചെയ്യു വാൻ സാധ്യമല്ല: "ന്യായപ്രമാണം ഇല്ലാത്തേടത്തു ലംഘനവുമില്ല"

(റോമർ 4:15); "ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല" (റോമർ 5:13). കൂടാതെ, ഇതു വാസ്തവമെങ്കിൽ, ക്രിസ്തു മരിച്ചതു വ്യർത്ഥം; കാരണം നമുക്കു പാപം ഇല്ലെങ്കിൽ യേശുവിന്റെ മരണം പാപം മോചിക്കേണ്ടതുമില്ല. ക്രിസ്ത്യാനികൾ പ്രമാണം ഇല്ലാത്തവരല്ല; അവർ പുതിയ നിയമത്തിൻ കീഴിലാണ്.

### സ്നേഹത്തിന്റെ ഒരു പ്രമാണം

മറ്റുള്ളവർക്കു തിന്മ പ്രവർത്തിക്കരുത് എന്ന പശ്ചാത്തലം ഒരുക്കിയതായിരുന്നു ആദ്യത്തെ നിയമം – കുല ചെയ്യരുത്, കള്ളം പറയരുത്, മോഷ്ടിക്കരുത്, കൂട്ടുകാരന്റെ ഭാര്യയെ വ്യഭിചാരം ചെയ്യരുത് തുടങ്ങിയവയാണ്. മറ്റുള്ളവർക്കു നന്മ ചെയ്യുന്നതു വളരെ കുറച്ചു മാത്രം പറയുന്നു (ലേവ്യാപുസ്തകം 19:18 നോക്കുക). ക്രിസ്തുവിന്റെ പ്രമാണം പറയുന്നു, "തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ, ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ" (ഗലാത്യർ 6:2). അതു മറ്റുള്ളവർക്കു തിന്മ ചെയ്യരുതു എന്നതിനേക്കാൾ ചെയ്യേണ്ടതും മറ്റുള്ളവരെ സേവിക്കേണ്ടതുമായി ഊന്നി പറയുന്നു. ദൈവത്തിനു മാത്രം വിധിക്കുവാൻ കഴിവുള്ള ഹൃദയത്തിലേക്കാണ്, ക്രിസ്തുവിന്റെ നിയമം നോക്കുന്നതു. ന്യായപ്രമാണം ഭൗതിക പ്രവൃത്തികളെ മാത്രമെ നോക്കുന്നുള്ളൂ; സമൂഹത്തിന്റെ ലംഘനം പരിഗണിക്കയും, കുറ്റം വിധിക്കയും, ശിക്ഷിക്കയും ചെയ്തിരുന്നു (ലേവ്യാ പുസ്തകം 19:15). ക്രിസ്തുവിന്റെ നിയമം മറ്റുള്ളവർക്കു തിന്മ ചെയ്യാതിരുന്നാൽ മാത്രം പോരാ ക്രിയാത്മകമായി മറ്റുള്ളവരോടു ഇടപെടുകയും വേണം. ചട്ടങ്ങളോടുള്ള ഉത്തരവാദിത്വത്തേക്കാൾ വ്യക്തിയോടുള്ള ബന്ധമാണ് ഏറ്റവും വലിയ വ്യത്യാസം. കല്ലിൽ എഴുതപ്പെട്ട കല്പനകളിൽ നോക്കുന്നതിനു പകരം, ഇപ്പോൾ നാം നമ്മുടെ മാതൃകക്കായി, ക്രിസ്തുവിനെ നോക്കുന്നു.

ക്രിസ്തുവിന്റെ പുതിയ പ്രമാണം ഹൃദയത്തിൽ എഴുതണം. ഇതു യിരെമ്മ്യാവിന്റെ കാലത്തു പ്രവചിച്ചിരുന്നതാണ്: " 'എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു.' 'ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവവും, അവർ എനിക്കു ജനവും ആയിരിക്കും' " (യിരെമ്യാവു 31:33).

തന്റെ ജനത്തിനു പിന്നീടു ഒരു നിയമം നല്കുകയില്ല എന്നല്ല യിരെമ്യാവു പ്രവചിച്ചത്, പക്ഷെ അവൻ അതു അവരുടെ ഹൃദയങ്ങളിൽ എഴുതും എന്നായിരുന്നു. കല്പനകളിലൂടെ അറിയുന്നതിനു പകരം, ദൈവം തന്റെ കരുണയാൽ അറിയപ്പെടും. ആളുകൾ ദൈവത്തെ അറിയുന്ന വിധവും പ്രവാചകൻ പ്രവചിച്ചിരുന്നു: "ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല" (യിരെമ്യാവു 31:34). നമ്മുടെ പാപങ്ങൾക്കു വേണ്ടിയുള്ള യേശുവിന്റെ യാഗത്തിലൂടെ, ദൈവത്തെ അറിയിക്കുവാൻ ശ്രമിച്ചതു, മനസ്സലിവും, കരുണയും കൃപയും നിറഞ്ഞ ദൈവം ആയിട്ടാണ്. പുതിയ

നിയമത്തിൻകീഴിൽ, ദൈവത്തെ അറിയുന്നതു യേശു മൂലമാണ്. ഇക്കാരണത്താൽ, നാം ദൈവത്തെ സേവിക്കുന്നു - കാരണം ദൈവം തന്നെ യേശു മുഖാന്തരം തന്റെ ജനത്തെ സേവിച്ചു തന്റെ ആഴമേറിയ സ്വഭാവം വെളിപ്പെടുത്തി (റോമർ 11:33). യേശു മുഖാന്തരമാണ്, അവനെ വെളിപ്പെടുത്തിയതു (യോഹന്നാൻ 1:18)

**ആത്മാവിന്റെ ഒരു പുതുക്കം**

മോശെയുടെ ന്യായപ്രമാണവും ക്രിസ്തുവിന്റെ പുതിയ നിയമവും തമ്മിലുള്ള മറ്റൊരു വ്യത്യാസം വിശുദ്ധിയോടുള്ള നമ്മുടെ സമീപന ലക്ഷ്യമാണ്. "അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നേ സേവിക്കുന്നു" (റോമർ 7:6). ഒരുപക്ഷെ വലിയ അക്ഷരത്തിൽ ഉപയോഗിക്കുന്നതിനു പകരം, "ആത്മാവു" എന്നു കെജെവിയിലേതുപോലെ ഉപയോഗിക്കുന്നതാണ് നല്ല തർജ്ജിമ, "ആത്മാവിന്റെ പുതുക്കം." ക്രിസ്ത്യാനിയുടെ ലക്ഷ്യം നിയമം - പ്രമാണിക്കുക മാത്രമല്ല, യേശുവിനോടുള്ള സ്നേഹവും അനുമോദനവും ലക്ഷ്യമാക്കിയായിരിക്കണം (യോഹന്നാൻ 14:15, 21, 23).

ഒരു അമ്മക്കു തന്റെ ബാലനായ മകനെ തല ചീകുവാനും, പല്ലു തേക്കുവാനും, കുളിക്കുവാനും കല്പിക്കുകയും അവന്റെ പ്രത്യക്ഷത കാര്യമായ ഫലപ്രദമായ മാറ്റം വരുത്താതെ കരുതുകയും ചെയ്യാം. അതേ കുട്ടി വളർന്നുവരുമ്പോൾ അവന്റെ പ്രത്യക്ഷത മടി കൂടാതെ അവൻ തന്നെ സ്നേഹിക്കുമ്പോൾ ശരിയാക്കും. കല്പനക്കു കീഴ്പ്പെടുന്നതിനു പകരം അവൻ തന്നെ സ്നേഹിക്കുന്ന വ്യക്തിക്കുവേണ്ടി ആഗ്രഹിച്ചു പ്രതികരിക്കും. ആ വിധത്തിൽ അവൻ രൂപാന്തരപ്പെടും.

അതാണ് പൗലൊസിന്നു സംഭവിച്ചത്. അവൻ ക്രിസ്തുവിലേക്കു തിരിഞ്ഞപ്പോൾ, പിന്നീട് അവൻ ന്യായപ്രമാണത്താലുള്ള നീതി അന്വേഷിച്ചില്ല, പകരം അവൻ യേശുവിന്റെ പരിജ്ഞാനം തേടുവാൻ ആഗ്രഹിച്ചു. അങ്ങനെ, അവനു യേശുവിനെ പ്രസാദിപ്പിക്കുവാനും കഴിഞ്ഞു (ഫിലിപ്പിയർ 3:7-14). യേശു തനിക്കു ചെയ്ത സേവനത്തിനു പ്രത്യുപകാരമായി അവൻ യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു (ഗലാത്യർ 2:20) അതു അവനോടുള്ള ബന്ധം നിമിത്തവുമായിരുന്നു. ഈ രൂപാന്തരം സംഭവിക്കുന്നതു നാം സ്നാനം ഏല്ക്കുമ്പോഴാണ്.

> അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിന്നു അടിമപ്പെടാത വണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു (റോമർ 6:4-6).

## പിൻപറ്റുവാൻ ഒരു മാതൃക

പുതിയ ഉടമ്പടിയിൻകീഴിൽ നമ്മുടെ ലക്ഷ്യം, ക്രിസ്തുവിന്റെ നിയമം പ്രമാണിക്കുക മാത്രമല്ല, നാം യേശുവിനെ പോലെ ആകുകയും ചെയ്യുന്നു. "അവന്റെ കല്പനകൾ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു ഇതിനാൽ അറിയുന്നു ... അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു" (1 യോഹന്നാൻ 2:3–6). അവന്റെ കല്പനകൾ പ്രമാണിക്കയും അവൻ നടന്നതുപോലെ നാം നടക്കുകയും ചെയ്യുമ്പോൾ നാം യേശുവിനെ *അറിയുന്നു.*

നാം എങ്ങനെ ജീവിക്കണം എന്നതിനു യേശു തന്നെയാണ് മാതൃക. "അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു, ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയി" (1 പത്രൊസ് 2:21). കൂടാതെ, അവന്റെ മരണം മറ്റുള്ളവർക്കു വേണ്ടിയുള്ള അവന്റെ സേവനം ആയിരുന്നു. "അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ, നാം സ്നേഹം എന്തു എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു" (1 യോഹന്നാൻ 3:16).

ക്രിസ്ത്യാനിയുടെ ലക്ഷ്യം ജീവിതത്തിലെ എല്ലാ നിലയിലും ക്രിസ്തുവിൽ വളരുക എന്നതാണ്. ഈ വിധത്തിലാണ് പുതിയ നിയമം പഴയ നിയമത്തിൽ നിന്നു വ്യത്യസ്തമാകുന്നത്. അതിന്റെ ലക്ഷ്യം വെറും കല്പനകൾ - പ്രമാണിക്കുക മാത്രമല്ല, എന്നാൽ ക്രിസ്തുവിനെ - അനുകരിക്കലാണ് (നോക്കുക ഫിലിപ്പിയർ 2:5).

## ഉപസംഹാരം

യേശുവിന്റെ ജീവിതം മാതൃകയാക്കുന്ന ഒരു പുതിയ സേവനം ആവശ്യപ്പെടുന്നതാണ് ക്രിസ്തുവിന്റെ നിയമം ആയ, പുതിയ നിയമം. നമുക്കു അവനോടുള്ള സ്നേഹവും ബന്ധവും നിമിത്തം, നാം അവനെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. നാം നിയമത്തിന്റെ കല്പനകൾ ആയതുകൊണ്ടു മാത്രമല്ല അനുസരിക്കുന്നതു, പിന്നെയോ നാം അവ ഹൃദയങ്ങളിൽ മാറ്റമുണ്ടായതുകൊണ്ടു അവന്റെ മാതൃക പിൻപറ്റി അവനെ സേവിക്കുന്നു.

നാം സേവിക്കേണ്ടതു അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിലത്രേ.

## നിയമത്തിന്റെ അടിസ്ഥാനം കല്പനകൾ ആണ്

ഏതു നിയമവും കല്പനകളാൽ ഉണ്ടാക്കപ്പെട്ടതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കല്പനകളാണ് നിയമത്തിന്റെ അടിസ്ഥാനം. ദൈവം യിസ്രായേലിന്നു കൊടുത്ത ന്യായപ്രമാണം കല്പനകൾ കൊണ്ടുണ്ടാക്കിയതാണ് എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 7:7, 8). യേശു കല്പിച്ച കാര്യങ്ങളെ ആസ്പദമാക്കിയുള്ളതാണ് യേശുവിന്റെ നിയമം - തന്റെ ശിഷ്യന്മാരായി തീരുന്നവർ എല്ലാവരും പ്രമാണിക്കേണ്ടതിന്നു അവരെ ഉപദേശിക്കയും വേണം (മത്തായി 28:20).

പുതിയ നിയമത്തിൽ "കല്പന" എന്ന വാക്കു മോശമായതല്ല, കാരണം നമുക്കു യേശുവിനോടുള്ള ബന്ധം കല്പനകളെ ആശ്രയിച്ചാണിരിക്കുന്നത് (യോഹന്നാൻ 15:14). നാം അവനോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നതു അനുസരണത്താലാണ് (യോഹന്നാൻ 14:15). നാം അവന്റെ കല്പനകളെ പ്രമാണിക്കുന്നുവെങ്കിൽ, അവൻ നമ്മെ സ്നേഹിക്കയും, അവനെ നമുക്കു വെളിപ്പെടുത്തി തരികയും, അവൻ നമ്മിൽ വസിക്കുകയും ചെയ്യും (യോഹന്നാൻ 14:21, 23). അവന്റെ കല്പനകൾ അടിസ്ഥാനമാക്കിയാണ് നാം ഇപ്പോൾ ജീവിക്കേണ്ടത് (യോഹന്നാൻ 13:34; 14:21–23; 15:10, 12; 1 കൊരിന്ത്യർ 7:19; 14:37; 1 തെസ്സലൊനിക്യർ 4:2; 2 പത്രൊസ് 3:2; 1 യോഹന്നാൻ 2:4; 3:22; 5:2, 3), കൂടാതെ നമുക്ക് എങ്ങനെ നിത്യജീവൻ പ്രാപിക്കാമെന്നതിന്റെയും അടിസ്ഥാനം അതാണ് (യോഹന്നാൻ 12:50).

© 2009 Truth for Today